# Desabhimani

# 24 July 2018

# Idukki, Dam, Water Level

## ഇടുക്കി ഡാമിൽ 81 ശതമാനം വെള്ളം

**ഇടുക്കി**

ഇടുക്കി അണക്കെട്ടിലെ ജലനിരപ്പ് 2386.54 അടിയായി. ഇതോടെ സംഭരണശേഷിയുടെ 81 ശതമാനമായി ജലനിരപ്പ്. പദ്ധതി പ്രദേശത്ത് ചൊവ്വാഴ്ച പുലർച്ചെവരെ 85 മില്ലിമീറ്റർ മഴ ലഭിച്ചു. മൂലമറ്റം വൈദ്യുതിനിലയത്തിൽ ചൊവ്വാഴ്ച 10.197 ദശലക്ഷം യൂണിറ്റായി വൈദ്യുതി ഉൽപ്പാദനം ഉയർത്തി. തിങ്കളാഴ്ച 2385.54 അടിയായിരുന്നു. കഴിഞ്ഞവർഷം ഇതേദിവസം 2319.01 അടിയായിരുന്നു. മൂലമറ്റം പവർഹൗസിൽ ഉൽപ്പാദനംകൂട്ടിയതോടെ മലങ്കര അണക്കെട്ടിന്റെ നാലുഷട്ടറുകൾ തുറന്നു.